**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 637** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. എം. എസ്. അരുൺ കുമാർ | ശ്രീമതി കെ. എ. തുളസി<br>(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |

**(എ)** അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച താമരക്കുളം പുന്നക്കുറ്റി നഗർ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ടി പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** താമരക്കുളം പുന്നക്കുറ്റി നഗർ നവീകരണ പദ്ധതിയുടെ നിർമ്മാണോൽഘാടനം കഴിഞ്ഞിട്ടുണ്ട് . അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിനു നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**(ബി)** അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പാലമേൽ ഗ്രാമപഞ്ചായത്തിലെ പുലിക്കുന്ന് നഗർ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ടി പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** പുലിക്കുന്ന് നഗർ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 36 വീട് നവീകരണത്തിൽ 28 വീടുകളും കൂടാതെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**